(ഡി) തൊഴിൽതേടി മികച്ച കളിക്കാർ അന്യ സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) അന്തർദ്ദേശീയ ടീമുകളെ പങ്കെടുപ്പിച്ച് പ്രധാന നഗരങ്ങളിൽ ഫുട്ബോൾ മത്സരങ്ങൾ സംഘടിപ്പിക്കുവാൻ സംവിധാനമുണ്ടാക്കുമോ:

(എഫ്) അന്തർദ്ദേശീയ നിലവാരമുള്ള കോച്ചിംഗ് നൽകി യുവതാരങ്ങളുടെ പുതുനിര സൃഷ്ടിക്കാൻ പദ്ധതി തയ്യാറാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ കളിക്കാരെ വാർത്തെടുക്കാൻ ഉദ്ദേശിച്ചുകൊണ്ട് കേരള സ്പോർട്ട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ എറണാകുളത്ത് ഫുട്ബോൾ കളിയിനത്തിനുമാത്രമായി ഒരു അക്കാഡമി നിലവിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ കൗൺസിലിന്റെ കീഴിൽ 4 സ്കൂളുകളിലും 2 കോളേജുകളിലും ഫുട്ബോൾ കളിയിനത്തിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുവേണ്ടി സ്പോർട്ട്സ് ഹോസ്റ്റലും പ്രവർത്തിച്ചു വരുന്നു.

(സി) ഉണ്ട്.

(ഡി—എഫ്) കേരള ഫുട്ബോൾ അസോസിയേഷനുമായി ആലോചിച്ച് ഇക്കാര്യങ്ങൾക്ക് പദ്ധതി തയ്യാറാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

കായിക താരങ്ങൾക്ക് തൊഴിൽ നൽകുന്നതിന്റെ മാനദണ്ഡം

138 [451] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കായിക താരങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്;

(ബി) സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇവരിൽ എത്ര പേർക്ക് വീതം തൊഴിൽ നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) കായിക താരങ്ങൾക്ക് തൊഴിൽ നൽകുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ആറു പേർക്ക്.

(ബി) ആറുപേർക്ക് സർക്കാർ സർവ്വീസിലാണ് തൊഴിൽ നൽകിയിട്ടുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങളിലെ കായിക താരങ്ങളുടെ നിയമനം സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന സർക്കാർ സർവ്വീസിൽ സ്പോർട്ട്സ് കോട്ടയിൽ നിയമനം നടത്തി വരുന്നത് 22-6-1995-ലെ ജി.ഒ.(പി) നം.361/95/ജി.എ.ഡി. ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുള്ള പദ്ധതി പ്രകാരം സ്പോർട്ട്സ്/ഗെയിംസിൽ മികച്ച നേട്ടം കൈവരിച്ചിട്ടുള്ള പുരുഷ/വനിതാ കായിക താരങ്ങളിൽ നിന്നുമാണ്. ഓരോ വർഷവും ഏറ്റവും ഉയർന്ന നേട്ടം കൈവരിക്കുന്ന 20 പേർക്കാണ് നിയമനം നൽകുന്നത്. ആയത് 40 ആക്കി വർദ്ധിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന കായിക താരങ്ങളുടെ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർവ്വീസ്, സംസ്ഥാന സബോർഡിനേറ്റ് സർവ്വീസ്, ലാസ്റ്റ് ഗ്രേഡ് സർവ്വീസ് എന്നിവകളിലായി നീക്കി വെച്ചിട്ടുള്ള 16 തസ്തികകളിലാണ് നിയമനം നടത്തുന്നത്.

വാട്ടർ സ്പോർട്ട്സ് അക്കാഡമി

139 [452] ശ്രീ. തമ്പാനൂർ രവി:

„ ടി. എൻ. പ്രതാപൻ:

„ വി. ഡി. സതീശൻ:

„ കെ. പി. വിശ്വനാഥൻ:

„ ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാട്ടർ സ്പോർട്ട്സ് അക്കാഡമി സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ അത് എവിടെ സ്ഥാപിക്കാനാണുദ്ദേശിക്കുന്നത് എന്നും അതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ മുരുക്കുപുഴയിലെ കഠിനംകുളം കായലിൽ സ്ഥാപിക്കാനാണുദ്ദേശിക്കുന്നത്. ഇതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

ആലപ്പുഴ മുനിസിപ്പൽ സ്റ്റേഡിയം നിർമ്മാണം

140 [453] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യത്തിന് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ മുനിസിപ്പൽ സ്റ്റേഡിയം നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly